K25FY3148

Pages: 2

Reg No:................

Name:................

# Third Semester FYUGP Degree (Reg) Examination NOVEMBER 2025

# KU3DSCMAL201 - NOVELUM NOVEL VAYANAKALUM

2024 Admission onwards

Time : 2 hours | Maximum Marks : 70

## Section A

**Answer any 6 questions. Each carry 3 marks.**

1. ഇന്ദുലേഖ'യിൽതീവണ്ടി, റാൽക്കമ്പനി തുടങ്ങിയ സങ്കേതങ്ങളെക്കുറിച്ച് കേശവൻ നമ്പൂതിരിയും ലക്ഷ്മിക്കുട്ടിയമ്മയും തമ്മിൽ നടന്ന സംഭാഷണം ക്രോഡീകരിക്കുക.

2. ഇന്ദുലേഖ എന്ന നോവലിന്റെ കീർത്തിക്ക് കാരണമായി എം.പി പോൾ കണ്ടെത്തുന്ന വൈശിഷ്ട്യങ്ങളിൽ രണ്ടെണ്ണം എഴുതുക.

3. ഖസാക്കിലെ യാഗാശ്വമായി അവൾ നട്ടപ്പറമ്പിലൂടെ നടന്നു...- 'ഖസാക്കിലെ സുന്ദരി' എന്ന അധ്യായം ആരെക്കുറിച്ചുള്ളതാണ് ? എന്താണവളുടെ കഥ?

4. കാലം മയ്യഴിയിൽ അവതരിപ്പിച്ച നാടകത്തിലെ ഒരു പ്രധാന വേഷക്കാരനായിരുന്നു അച്ചു - 'മയ്യഴിപ്പുഴയുടെ തീരങ്ങളിലെ' അച്ചു എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

5. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവലിൽ കുഞ്ചക്കന്റെ മുടന്തിനെ കുറിച്ച് കുറമ്പിയമ്മ ദാസന് പറഞ്ഞുകൊടുത്ത കഥ എന്ത് ?

6. സുന്ദരികളും സുന്ദരൻമാരും ഒരു സാംസ്കാരിക ചരിത്രമാണെന്നോ ചരിത്ര നോവലാണെന്നോ വിശേഷിപ്പിക്കാം എന്ന് എം. അച്യുതൻ അഭിപ്രായപ്പെടുന്നതിലെ യുക്തി എന്താണ്?

7. സുന്ദരികളും സുന്ദരന്മാരും എന്ന നോവലിലെ ഇരുമ്പൻ ഗോവിന്ദൻ നായർ എന്ന കഥാപാത്രം രണ്ട് കാലഘട്ടങ്ങളുടെ പ്രതിനിധിയായി മാറുന്നതെങ്ങനെയാണ്?

8. 'ആരാണ് വിരുന്ന്'?
   'ആരും വന്നില്ല. പോയതാണ്... മരണം, മരണമാണ് വിരുന്നുകാരൻ' - മഞ്ഞ് എന്ന നോവലിലെ സംഭാഷണ സന്ദർഭം കണ്ടെത്തി എഴുതുക.

## Section B

**Answer any 4 questions. Each carry 6 marks.**

9. ഖസാക്കിന്റെ ഇതിഹാസത്തിൽ മാധവൻ നായർക്ക് അപ്പുക്കിളിയോടുള്ള സ്നേഹം തീർത്തും നിസ്വാർത്ഥമാണെന്ന് വിലയിരുത്താമോ ? പരിശോധിക്കുക.

10. സ്ഥലപ്പേരുകളുടെയും ആൾക്കാരുടെ നാമധേയങ്ങളുടെയും വാമൊഴികളുടെയും ശ്രുതിലയങ്ങളിലൂടെ ഒ.വി. വിജയൻ ഒരു ഉപസംസ്കാരത്തിന്റെ സാംസ്കാരിക ഭൂപടം നിർമ്മിക്കുന്നു - ഇ.വി രാമകൃഷ്ണൻ. ഖസാക്കിന്റെ ഇതിഹാസം എന്ന നോവലിനെ അടിസ്ഥാനമാക്കി ഈ പ്രസ്താവനയെ വിശകലനം ചെയ്യുക.

11. കുറമ്പിയമ്മ മടിയിലിരുത്തി പറഞ്ഞുകൊടുത്ത ഐതിഹ്യങ്ങളും കഥകളും കൂടിയാണ് 'മയ്യഴിപ്പുഴയുടെ തീരങ്ങളിലെ' ദാസനെ രൂപപ്പെടുത്തിയത് എന്ന് പറയാമോ? സ്വാഭിപ്രായം രേഖപ്പെടുത്തുക.

12. സുന്ദരികളും സുന്ദരൻമാരും എന്ന നോവലിൽ ജീവിതത്തിൽ സാക്ഷാത്ക്കരിക്കാനാവാത്ത നാലു ഭഗ്നപ്രണയങ്ങളുടെ കഥയുണ്ട്. വിശകലനം ചെയ്യുക.

13. നോവലെങ്കിലും'കാവ്യഗാനം' എന്ന്'മഞ്ഞി'നെവിശേഷിപ്പിക്കാറുണ്ട്. എം.ടി.യുടെ കാവ്യാത്മകമായ ഭാഷയും ബിംബകൽപ്പനകളും ഈ വിശേഷണത്തെ എത്രത്തോളം സാധൂകരിക്കുന്നുണ്ട്? ഉദാഹരണസഹിതം വിശദീകരിക്കുക.

14. മഞ്ഞ് എന്ന നോവലിലെ കഥാപാത്രങ്ങളായ വിമല , സർദാർജി എന്നിവരുടെ മനോഭാവങ്ങൾ തമ്മിൽ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## Section C

**Answer any 2 questions. Each carry 14 marks.**

15. അടിത്തട്ടിലെ മനുഷ്യരുടെ സാംസകാരിക ജീവിതവും അതിന് മേലാള ജീവിതവുമായുണ്ടായ സംഘർഷങ്ങളും ചരിത്രത്തിൽ നിന്നും വീണ്ടെടുക്കുകയാണ് മീശ എന്ന നോവൽ ചെയ്യുന്നത് - 'മീശ' മുന്നോട്ട് വെക്കുന്ന രാഷ്ട്രീയ വീക്ഷണങ്ങളെ വിശകലനം ചെയ്യുക.

16. കീഴാള ജീവിതത്തിന്റെ സ്ത്രീചരിത്രം മാത്രമല്ല പുരുഷാധികാരത്തിന്റെയും അവന്റെ നിരുത്തരവാദത്തിന്റെയും നിസ്സംഗതയുടെയും പ്രതിരോധത്തിന്റെയും കഥ കൂടിയാണ്'ആലാഹയുടെ പെൺമക്കൾ' - നോവലിലെ പുരുഷ കഥാപാത്രങ്ങളെ അപഗ്രഥിച്ച് ഉപന്യാസം തയ്യാറാക്കുക.

17. പാശ്ചാത്യ സംസ്കാരം കേരളത്തിലേക്ക് പ്രവേശിക്കുന്നതിന്റെ ചരിത്രസന്ധിയിൽ കൂടിയാണ് ഇന്ദുലേഖ എന്ന നോവലിന്റെ ഇതിവൃത്തം ഘടിപ്പിച്ചിരിക്കുന്നത് - ഈ നിരീക്ഷണത്തെ വിശകലനം ചെയ്യുക.